**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **04-02-2026 - ൽ മറുപടിയ്ക്ക്**

**കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ അധ്യാപക തസ്തികകൾ ഉണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളുടെ വിശദാംശം അറിയിക്കുമോ; | (എ) | **സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. യുവജന പരിശീലന കേന്ദ്രങ്ങൾ/ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂർ അടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന ഫാക്കൽറ്റികൾക്ക് 10.07.2017-ലെ സ.ഉ(സാധാ) 4234/2017/GAD ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണിക്കൂറിന് 500/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ചു വരുന്നു.**<br><br>**2025 ഒക്ടോബർ മുതൽ 2025 നവംബർ വരെയുള്ള കാലഘട്ടത്തിൽ ഡി.ഡി.ഒ യ്ക്ക് ട്രാൻസ്ഫർ ഉണ്ടായതിനെ തുടർന്ന് ഡി.ഡി.ഒ ചാർജ് എടുക്കുന്നതിൽ ചില സാങ്കേതിക തടസ്സം നേരിട്ടതിനാൽ പ്രസ്തുത രണ്ട് മാസം അധ്യാപകരുടെ വേതനം അനുവദിക്കുന്നതിന് കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് സാങ്കേതിക തടസ്സം പരിഹരിച്ച് 2025 ഡിസംബർ ആദ്യ വാരത്തിൽത്തന്നെ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത അധ്യാപകരുടെ ശമ്പളം മുടങ്ങിയിട്ടുണ്ടോ; ഇതിനാധാരമായ സാഹചര്യം വിശദമാക്കുമോ; | (ബി) | **സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. യുവജന പരിശീലന കേന്ദ്രങ്ങൾ/ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂർ അടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന ഫാക്കൽറ്റികൾക്ക് 10.07.2017-ലെ സ.ഉ(സാധാ) 4234/2017/GAD ഉത്തരവിന്റെ അടിസ്ഥാനത്തിൽ മണിക്കൂറിന് 500/- രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ചു വരുന്നു.**<br><br>**2025 ഒക്ടോബർ മുതൽ 2025 നവംബർ വരെയുള്ള കാലഘട്ടത്തിൽ ഡി.ഡി.ഒ യ്ക്ക് ട്രാൻസ്ഫർ ഉണ്ടായതിനെ തുടർന്ന് ഡി.ഡി.ഒ ചാർജ് എടുക്കുന്നതിൽ ചില സാങ്കേതിക തടസ്സം** |

| | | | |
|---|---|---|---|
| | | | **നേരിട്ടതിനാൽ പ്രസ്തുത രണ്ട് മാസം അധ്യാപകരുടെ വേതനം അനുവദിക്കുന്നതിന് കാലതാമസം നേരിട്ടുകയുണ്ടായി. തുടർന്ന് സാങ്കേതിക തടസ്സം പരിഹരിച്ച് 2025 ഡിസംബർ ആദ്യ വാരത്തിൽത്തന്നെ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.** |
| (സി) | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്തിന്റെ പ്രവർത്തനം വിശദമാക്കുമോ? | (സി) | ന്യൂനപക്ഷവിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് വിവിധ സർക്കാർ നിയമന പരീക്ഷകൾക്കായി (PSC മറ്റ് മത്സര പരീക്ഷകൾ) സുസജ്ജമായ പരിശീലനം നൽകുക എന്നതാണ് കേന്ദ്രങ്ങളുടെയും അവയുടെ സബ്-കേന്ദ്രങ്ങളുടെയും പ്രധാന ലക്ഷ്യം. കേരളത്തിലെ 14 ജില്ലകളിലായി 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 28 ഉപ കേന്ദ്രങ്ങളും നിലവിലുണ്ട്. ഇതിലൂടെ ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷത്തിൽ രണ്ട് ബാച്ചുകളിലായി പരിശീലനം നൽകി വരുന്നു.<br><br>**<u>കരിയർ ഗൈഡൻസ് പരിശീലന പരിപാടി (പാസ് വേഡ്)</u>**<br><br>ഹൈസ്കൂൾ, ഹയർ സെക്കന്ററി , കോളേജ് തലത്തിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠന പുരോഗതിയും കരിയർ അവബോധവും ലക്ഷ്യംവെച്ച് ന്യൂനപക്ഷക്ഷേമ വകുപ്പ് കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി കേന്ദ്രങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി **കരിയർ ഗൈഡൻസ് പരിശീലന പരിപാടി** നടപ്പിലാക്കി വരുന്നു.<br><br>വിദ്യാർത്ഥികളിൽ നേതൃഗുണങ്ങൾ സൃഷ്ടിക്കുന്നതിനും അനുയോജ്യമായ ഉന്നത വിദ്യാഭ്യാസ സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള മാർഗനിർദേശം നൽകുന്നതിനും പദ്ധതി സഹായിക്കുന്നതാണ്. 100 വിദ്യാർത്ഥികളുള്ള ഓരോ ബാച്ചിലും 30 ശതമാനം സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. മൊത്തം പരിപാടിയെ ട്യൂണിംഗ്, ഫ്ളവറിംഗ്, എക്സ്പ്ലോറിംഗ് എന്നിങ്ങനെ 3 വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ട്യൂണിംഗിനായി 180 ഏകദിന ക്യാമ്പുകൾ, ഫ്ലവറിംഗിനായി 14 റസിഡൻഷ്യൽ ക്യാമ്പുകൾ, എക്സ്പ്ലോറിംഗിൽ തിരഞ്ഞെടുക്കപ്പെടുന്ന 100 കുട്ടികൾക്ക് സ്റ്റഡി ടൂർ എന്നിവയാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ